# കേരള സർവകലാശാല

നം.പി.ആർ.217/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### തീയതി നീട്ടി

വിദൂര വിദ്യാഭ്യാസ വിഭാഗം യു.ജി/പി.ജി പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 20 വരെ യു.ജി.സി നിർദ്ദേശ പ്രകാരം നീട്ടിയിരിക്കുന്നു.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം വെബ്സൈറ്റിൽ.

### പ്രൈവറ്റ് രജിസ്ട്രേഷൻ

2019 – 21 വർഷത്തിലെ ബി.എ/ബി.കോം/ബി.എ അഫ്സൽ – ഉൽ – ഉലാമ/ബി.ബി.എ/ബി.കോം അഡീഷണൽ ഇലക്ടീവ് (കോ – ഓപ്പറേഷൻ) എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ഒക്ടോബർ 4 മുതൽ അപേക്ഷിക്കാം. അപേക്ഷകൾ നവംബർ 7 വരെ പിഴ കൂടാതെ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ V (റീവാല്യുവേഷൻ) സെക്ഷനിൽ ഒക്ടോബർ 4 മുതൽ 20 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാഫീസ്

ഒക്ടോബർ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ (സി.എസ്.എസ് 2017 – 2018) എം.ഫിൽ പരീക്ഷയ്ക്ക് ഫൈനില്ലാതെ ഒക്ടോബർ 10 വരെയും 50 രൂപ ഫൈനോടെ ഒക്ടോബർ 12 വരെയും 125 രൂപ ഫൈനോടെ ഒക്ടോബർ 15 വരെയും അപേക്ഷിക്കാം.

# പുന:പരിശോധന

2018 ജൂലൈയിൽ നടന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ പുന:പരിശോധനയ്ക്ക് ഒക്ടോബർ 15 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിന് 500 രൂപ ഫീസ് അടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

തിരുവനന്തപുരം.
03.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**